11 ജൂൺ 2017

സൺഡേ മംഗളം

sundaymangalam@gmail.com

ഗാന്ധിഭവനിലെ അന്തേവാസികളായ അംഗപരിമിതർ വീൽചെയറുകളിൽ

ഗാന്ധി ഭവനിലെ കുട്ടികൾ സ്കൂളിലേക്ക്

സ്നേഹരാജ്യത്തിൽ ഇവർ തനിച്ചല്ല

■ സജിത്ത് പരമേശ്വരൻ

ബന്ധങ്ങൾ മുറിച്ചെറിയപ്പെട്ട ലോകത്ത് ഏകാന്തതയുടെ ഇരുൾ പരന്നപ്പോൾ അവർ ആദ്യം പകച്ചുപോയി. വാർദ്ധക്യത്തിന്റെ ജീർണത ബാധിച്ച മിഴികൾ നടവഴിയിലേക്ക് ഊന്നി പ്രതീക്ഷയോടെ ഇവർ പകലന്തിയോളം കാത്തിരുന്നു. വഴി തെറ്റി വന്നവർപോലും പടിവാതിൽ ചവിട്ടാതെ നടന്നകലുമ്പോൾ ഈറനണിഞ്ഞ കണ്ണുകളുമായി മോന്തായം തറപറ്റാറായ കൂരയിലേക്കവർ തലതിരിച്ചു. ഇരുൾമൂടിയ ചിന്തകളെ മനസിലൊളിപ്പിച്ച് രാവിന്റെ തേങ്ങലായി അലിഞ്ഞുചേർന്ന നാളുകൾ...

ഇത് പത്തനാപുരം ഗാന്ധിഭവനിലെ അനാഥരുടെ ഒറ്റപ്പെട്ട അനുഭവമല്ല. മക്കളും ബന്ധുക്കളും ഉപേക്ഷിച്ച നൂറുകണക്കിന് അന്തേവാസികളുടെ സമാനത നിറഞ്ഞ ജീവിത കഥയുടെ സംഗ്രഹമാണ്. മാതൃവാത്സല്യം എന്തെന്നറിയാത്ത മൂന്നുവയസുകാരൻ മുതൽ നഷ്ട സ്വപ്നങ്ങളെ താലോലിക്കുന്ന 104 വയസുകാരൻ വരെ ഗാന്ധി ഭവനിൽ കഴിയുന്നു. അനാഥത്വം പരത്തിയ ഇരുളിൽ നിന്നും സനാഥത്വം പകർന്നു നൽകിയ വെളിച്ചത്തിലേക്ക്...

ഗാന്ധിജി സ്വപ്നംകണ്ട ആശ്രമത്തിന്റെ പ്രതിഛായയാണ് പത്തനാപുരം ഗാന്ധിഭവനിലെത്തുന്നവർ അനുഭവിച്ചറിയുന്നത്. ജാതി-മത-വർണ്ണഭേദങ്ങൾക്കതീതമായി പടുത്തുയർത്തിയ സ്നേഹരാജ്യമെന്ന കൂട്ടുകുടുംബം. കൊല്ലം ജില്ലയിലെ പത്തനാപുരം താലൂക്കിലെ കുണ്ടയം ഗ്രാമം ഉണരുന്നത് പുലർച്ചെ 5.30ന് ഗാന്ധിഭവനിൽ നിന്നും ഉയരുന്ന ഉണർത്തുപാട്ട് കേട്ടാണ്. അപ്പോഴേക്കും കെറ്റിലുകളിൽ ചായ തയ്യാറായിക്കഴിഞ്ഞിരിക്കും. ആവി പറക്കുന്ന ചായയും കഴിച്ച് പ്രഭാതകൃത്യത്തിലേക്ക് കടക്കാം. ഉദ്ദേശം ഒന്നര ഏക്കറില അധികം പരന്നുകിടക്കുന്ന സ്നേഹരാജ്യത്തെ തറവാട്ടുവളപ്പിൽ പിന്നീട് ഉത്സവാവേശം ഉയരും. ഏഴുമണിയായാൽ പ്രഭാതഭക്ഷണം കാലമായി. ആരും ഭക്ഷണത്തിനായി ക്യൂ നിൽക്കേണ്ട. ആഹാരം മുറിയിലെത്തും. വെറും മുറിയല്ല. എല്ലാവിധ സംവിധാനങ്ങളും അടങ്ങിയ സ്നേഹക്കൂട് എന്നാണ് വിശേഷണം.

സബർമതി, പൂമരച്ചില്ല, ചിറകില്ലാ പക്ഷികൾ, സ്നേഹലോകം, ജീവകാരുണ്യമന്ദിരം, ബേത്‌ലഹേം, ശാന്തിമന്ദിർ തുടങ്ങി വിവിധ പേരുകളിൽ ഈ മന്ദിരങ്ങൾ അറിയപ്പെടും. ഭക്ഷണം എടുത്തു കഴിക്കാൻ പറ്റാത്തവർക്ക് അമ്മയുടെ സ്നേഹപരിലാളനയോടെ നഴ്സുമാർ വാരി കൊടുക്കും. കുഞ്ഞുങ്ങളെ പാട്ടുപാടി ഭക്ഷണം കഴിപ്പിക്കുന്ന സേവികമാരെ ഇവിടെയെത്തിയാൽ കാണാം. കരയുന്ന കുഞ്ഞിനെ മാറോടടുപ്പിച്ച് നെറുകയിൽ ചുംബിച്ച് പരിലാളിക്കുന്ന സ്നേഹദാതാക്കൾ.

പരാതികളുണ്ടൊ? പഞ്ചായത്ത് പ്രസിഡന്റിനോടു പറയാം. ഈ സ്നേഹരാജ്യം ഒരു പഞ്ചായത്താണ്. പേര് 'സ്നേഹ ഗ്രാമപഞ്ചായത്ത്'. എല്ലാ വർഷവും ഗാന്ധി ജയന്തിക്ക് തെരഞ്ഞെടുപ്പ് നടക്കും. കാരുണ്യ മുന്നണിയും സ്നേഹ മുന്നണിയും തമ്മിലാണ് മത്സരം. തെരഞ്ഞെടുപ്പ് കമ്മീഷൻ വിളംബരം നടത്തിയാൽ മുന്നണികൾക്ക് സ്ഥാനാർഥിയെ മത്സരത്തിനായി കണ്ടെത്താം. എല്ലാം തെരഞ്ഞെടുപ്പ് കമ്മീഷന്റെ ചട്ടം പാലിച്ചുകൊണ്ടു മാത്രം. ഓരോ വാസ സ്ഥലവും ഓരോ വാർഡായി കണക്കാക്കും. കൊണ്ടുപിടിച്ചുള്ള ഒരാഴ്ച്ചത്തെ പ്രചാരണത്തിനുശേഷം കൊട്ടിക്കലാശം. അതും ഇവിടെ ഒരു ഉത്സവമാണ്.

പിന്നെ ഒരു ദിവസം നിശബ്ദ പ്രചാരണം. തെരഞ്ഞെടുപ്പ് ദിനത്തിൽ രാവിലെ എഴുമുതൽ വോട്ടുചെയ്യാം. ബാലറ്റിലൂടെയുള്ള തെരഞ്ഞെടുപ്പ് നടപടികൾ അഞ്ചുമണിയോടെ പൂർത്തിയാകും. ഗാന്ധിജയന്തി ദിനത്തിൽ വോട്ടെണ്ണൽ. വിജയികൾ അന്നുതന്നെ സത്യപ്രതിജ്ഞചെയ്ത് അധികാരമേൽക്കും. എട്ടുവർഷം മുമ്പ് മാനസിക രോഗിയെന്ന് മുദ്രകുത്തി ഭർത്താവ് ഉപേക്ഷിച്ച വിജയലക്ഷ്മിയാണ് ഇപ്പോഴത്തെ പഞ്ചായത്ത് പ്രസിഡന്റ്. വിജയലക്ഷ്മിയുടെ ഭരണപാടവം മികച്ചതെന്ന് അന്തേവാസികൾ. ഇവർക്കിന്ന് മാനസിക രോഗമില്ല. ഒരു വലിയ കുടുംബത്തിലെ പ്രഥമ വനിതയാണ് ഇന്ന് വിജയലക്ഷമി.

ഇന്ത്യയിലെ ഏറ്റവും വലിയ കൂട്ടുകുടുംബമാണ് ഈ സ്നേഹരാജ്യം. ഇതുവഴി ഒഴുകുന്നത് സ്നേഹം തുളുമ്പുന്ന പുഴകളും അരുവികളും മാത്രം. മക്കൾ ഉപേക്ഷിച്ചവർ, രോഗികൾ, വികലാംഗർ, വിധവകൾ, കുട്ടികൾ, എച്ച്.ഐ.വി. ബാധിതർ തുടങ്ങി അനാഥരുടെ പട്ടിക നീളുന്നു. കാഴ്ചയും കേൾവിയും ഇല്ലാത്തവരും ശരീരം തളർന്നവരും ബുദ്ധിയില്ലാത്തവരും മനോബലം നഷ്ടപ്പെട്ടവരും തെരുവിൽ നിന്ന് എത്തിയവരും പീഡനങ്ങക്ക് ഇരയായവരും അടങ്ങുന്ന അശരണരുടെ ഒരു നീണ്ട നിര ഈ സ്നേഹച്ചില്ലയിൽ ചേക്കേറിയിരിക്കുന്നു.

രാവിലെ പത്തുമണി കഴിഞ്ഞാൽ സന്ദർശകരുടെ തിരക്കായി.

സ്കൂൾ കുട്ടികൾ മുതൽ ജീവിതത്തിന്റെ നാനാതുറകളിലുള്ളവർ വരെ ഈ ആശ്രമമുറ്റത്ത് ഒത്തുകൂടും. ഇവർക്കായി സാരോപദേശവും പ്രത്യേകം നടക്കും. 'മാതാ-പിതാ-ഗുരു-ദൈവം' എന്ന മഹത്‌വചനത്തെ ആസ്പദമാക്കിയുള്ള ഉപദേശങ്ങൾ.

കർമ്മ നിരതരായ ഒരു ജനതയുടെ ജീവിത ശൈലി ഇവിടെയെത്തുന്നവർക്ക് വേറിട്ട കാഴ്ച്ചയാണ്. പഴന്തുണികൊണ്ടുള്ള നിർമ്മിതികൾ കണ്ടാൽ അത്ഭുതപ്പെട്ടുപോകും. ചവിട്ടിമുതൽ അലങ്കാര പുഷ്പങ്ങൾ വരെ പഴമയിൽ പുതുമ തീർക്കുന്നു. ചന്ദനത്തിരി, സോപ്പ് നിർമാണ യൂണിറ്റുകൾ വേറെയുണ്ട്. കരകൗശല സാധനങ്ങൾക്കായി പ്രത്യേക പണിപ്പുര. ഉത്പന്നങ്ങൾക്കായി 'സമൃദ്ധി' എന്ന വിപണനശാല. എല്ലാത്തരം ഉത്പന്നങ്ങൾക്കും ഡിസ്കൗണ്ട് ഏർപ്പെടുത്തിയിട്ടുണ്ട്.

മുതിർന്നവർ ജോലി ചെയ്യുമ്പോൾ കുട്ടികൾ വിദ്യാലയത്തിലേക്ക്. ബുദ്ധിമാന്ദ്യം ഉള്ളവർക്കായി സ്പെഷൽ സ്കൂൾ. ഇരുനൂറിൽപരം കുട്ടികളാണ് ഇവിടെ പഠിക്കുന്നത്. കോളജ് തലത്തിൽ പഠിക്കുന്നവർക്ക് പുറത്ത് അതിനുള്ള സംവിധാനം ഒരുക്കിയിട്ടുണ്ട്. കമ്പ്യൂട്ടർ എൻജിനിയറിങ്ങിനുവരെ പഠിക്കുന്നവർ ഇവിടെയുണ്ടെന്നുള്ളതാണ് പ്രത്യേകത.

പ്രായമായവർക്ക് ഒത്തുകൂടാൻ പ്രത്യേക സ്ഥലം. പഴങ്കഥകൾ പറഞ്ഞ് ഇവർക്ക് സമയം പോക്കാം. ഇടയ്ക്ക് സ്റ്റേജിൽ സംഗീത കലാപരിപാടികൾ. ചിലപ്പോൾ സാംസ്കാരിക സമ്മേളനങ്ങൾ നടക്കും. സംഗീത നാടക അക്കാദമിയുടെ നാടകം എല്ലാ മാസവും ഉണ്ടാവും. രാവിലെയുള്ള കലാപരിപാടികൾ ഉച്ചയ്ക്കുമുമ്പേ അവസാനിക്കും.

പന്ത്രണ്ടുമുതൽ രണ്ടുമണി വരെയാണ് ഉച്ചഭക്ഷണ സമയം. അതിനുമുമ്പ് സർവമത പ്രാർഥന. ഊണു കഴിഞ്ഞാൽ വിശ്രമമാകാം. ഒന്നിനും ഇവിടെ നിർബന്ധമില്ല. സമൂഹത്തിൽ ചലനങ്ങൾ സൃഷ്ടിച്ചവർ മുതൽ മാനസാന്തരപ്പെട്ട് ജീവിതത്തിലേക്ക് മടങ്ങിയെത്തിയവർ വരെ ഇവിടെ ഒരുമയോടെ വസിക്കുന്നു.

ചലച്ചിത്ര രംഗത്തുനിന്നും ടി.പി. മാധവൻ, പാലാ തങ്കം, തിരുവിതാംകൂർ ദിവാനായിരുന്ന സി.പി. രാമസ്വാമി അയ്യരുടെ ജേഷ്ഠന്റെ ചെറുമകൾ ആനന്ദവല്ലി അമ്മാൾ എന്നിവരടക്കം നൂറുകണക്കിന് ആളുകൾ പ്രായം മറന്ന് ഒന്നുചേരുന്ന വേദിയാണിവിടം.ഗാന്ധി ഭവനിലെ നഗരമാണ് വേറിട്ട മറ്റൊരു കാഴ്ച്ച. എല്ലാം തികഞ്ഞ ഒരു നഗരത്തിന്റെ ചെറിയ പതിപ്പാണിത്. ബാർബർ ഷോപ്പ്, ആയുർവേദ-ഹോമിയോ-അലോപ്പതി ആശുപത്രികൾ, മെഡിക്കൽ സ്റ്റോർ, മോർച്ചറി, റേഡിയോ നിലയം, സ്റ്റേഷനറി സ്റ്റാളുകൾ എന്നിവയെല്ലാം ഈ മാതൃകാ പട്ടണത്തിലുണ്ട്. നഗരകാഴ്ച്ചകൾ കണ്ട് നടക്കുമ്പോൾ ഓരത്ത് സൊറപറഞ്ഞിരിക്കുന്ന അന്തേവാസികളെ കാണാം. അവർക്കിതൊരു പുതുമയല്ല. കാരണം എല്ലാ ദിവസവും നിരവധി സഞ്ചാരികളെ കാണുന്നവരാണവർ. കാഴ്ച്ചക്കാർക്ക് സാധനങ്ങൾ വാങ്ങാം. പാട്ടുകേൾക്കാം.

പഴകിയതൊന്നും വലിച്ചെറിയരുതെന്ന മറ്റൊരു സന്ദേശം ഇവിയെത്തുന്നവർ കണ്ടറിയും. കുടുംബത്തിന്റെ നിലവിളക്കാണ് മുത്തശ്ശനും മുത്തശ്ശിയും. ആ നിലവിളക്ക് തേച്ചു മിനുക്കേണ്ടത് മാതാപിതാക്കളാണ്. അതിൽ എണ്ണയൊഴിച്ച് തിരി തെളിയിക്കേണ്ട ചുമതല പുതു തലമുറ നിർവഹിക്കണം. പറയുന്നത് ഗാന്ധി ഭവന്റെ കാരണവർ സ്ഥാനം വഹിക്കുന്ന ഡോ. പുനലൂർ സോമരാജൻ.

സന്ധ്യാദീപം തെളിഞ്ഞാൽ പിന്നെ പ്രാർഥനയ്ക്കുള്ള സമയമാണ്. എട്ടുമണി മുതൽ അത്താഴ സമയം. പിന്നീട് എല്ലാവർക്കും ടി വി കാണാം. രാത്രി ഒമ്പതിന് ഉറക്കുപാട്ട് ഉയരും. 'ഓമനതിങ്കൾ കിടാവോ....'എന്ന ഇരയിമ്മൻ തമ്പിയുടെ ഗാനം മുതൽ വിവിധ തരത്തിലുള്ള ഉറക്കുപാട്ടുകൾ. മറ്റൊരു പകലിനുവേണ്ടി രാവുറങ്ങുമ്പോൾ പ്രതീക്ഷയുടെ പുതു പുലരിക്കായി കാത്തിരിക്കുന്നവരും ഇവിടെയുണ്ട്. ഒരിക്കൽ കൈവിട്ട പ്രിയപ്പെട്ടവരുടെ മുഖങ്ങൾ ഒന്നു കൂടി കാണാനുള്ള ആകാംക്ഷയുമായുള്ള കാത്തിരിപ്പ്.

പകൽ കൺചിമ്മി ഉണർന്നാൽ പ്രധാന ഗേറ്റിലേക്ക് മിഴിപായിക്കുന്ന വൃദ്ധരെ കാണാം. ഇവിടം സ്വർഗമാണ്. എന്നാൽ, പിറന്ന മണ്ണിലേക്ക് ഒരു മടക്കയാത്രക്കായി ആരാണ് കൊതിക്കാത്തത്?. അവൻ വരും...വരാതിരിക്കില്ല... പുറത്തുനിന്നും കടന്നുവരുടെ മുഖത്തേക്ക് ഇവർ പ്രതീക്ഷയോടെയാണ് നോക്കുന്നത്. കടന്നുവരുന്നവർ മടങ്ങിപ്പോകുമ്പോൾ കൂടെ ആരും ഉണ്ടാകാറില്ല. എങ്കിലും പ്രതീക്ഷ അവസാനിക്കുന്നില്ല. പകൽ മായും വരെ അവരുടെ കണ്ണുകൾ പ്രധാന കവാടത്തിൽ ഉടക്കി നിൽക്കും.

നിത്യവും നൂറുകണക്കിന് മനുഷ്യസ്നേഹികൾ ഗാന്ധിഭവനിൽ എത്താറുണ്ട്. ജീവകാരുണ്യത്തെ ഈശ്വരസേവയെന്ന് വിശ്വസിക്കുന്നവർ. അവർ ഗാന്ധിഭവനിലെ കുടുംബാംഗങ്ങൾക്ക് ആശ്വാസവും സ്നേഹവും പകരാനാണ് എത്താറ്.

അവരുടെ സഹായങ്ങളാണ് ഡോ. പുനലൂർ സോമരാജനെന്ന ഗാന്ധിഭവന്റെ സാരഥിക്ക് ശക്തിയും തുണയുമാകുന്നത്. പത്തനാപുരത്തെ വാടകവീട്ടിൽ വർഷങ്ങൾക്കുമുമ്പ് 85 വയസുകാരിക്ക് സംരക്ഷണം നൽകി തുടങ്ങിവച്ച ജീവകാരുണ്യപ്രവർത്തനമാണ് വളർന്നു പന്തലിച്ച് ഇന്നത്തെ ഗാന്ധിഭവനിൽ എത്തിനിൽകുന്നത്.

ഭാര്യ പ്രസന്ന ആദ്യമൊക്കെ എതിർത്തെങ്കിലും പിന്നീട് പിന്തുണയുമായി ഒത്തുകൂടി. മക്കളായ അമൽരാജും അമിതാരാജും സാധുജന പരിപാലനത്തിനായി ഒപ്പമുണ്ട്.

ഗാന്ധിഭവന്റെ സ്ഥാപകൻ ഡോ.പുനലൂർ സോമരാജൻ

പ്രായം മറന്ന് കുട്ടികൾക്കൊപ്പം പാട്ടുപാടുന്ന വൃദ്ധ